**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4633 26.10.2016 ന് മറുപടിയ്ക്ക്

**ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ ക്രമീകരണങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അടൂർ പ്രകാശ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്കായി എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **(എ)** ഓരോ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും ആവശ്യമനുസരിച്ചുള്ള സുരക്ഷാക്രമീകരണങ്ങൾ നടത്തിവരുന്നു. സുരക്ഷാ വേലികൾ, സൈൻ ബോർഡുകൾ, ഗൈഡുകൾ/വാച്ചർമാരുടെ സേവനം എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) വനാശ്രിത സമൂഹത്തിലുള്ളവരെ ഇതിനായി പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | **(ബി)** വനാശ്രിത സമൂഹത്തിലുള്ളവർ അംഗങ്ങളായിട്ടുള്ള വനസംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേനയാണ് ഇക്കോട്ടൂറിസം പദ്ധതികൾ പ്രവർത്തിക്കുന്നത്. |
| (സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | **(സി)** വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തി ഇക്കോട്ടൂറിസം പദ്ധതികൾ കൂടുതൽ പരിസ്ഥിതി സൗഹാർദ്ദമാക്കാൻ നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ